# ഇൻസിയോ യോഗ

## ഇ മാഗസിൻ

ലക്കം : 03
തീയതി : 29.08.2021



inzio

# ഈശ്വര ദർശനത്തിനുള്ള ഉപായം

മാസ്റ്റർ: ഈശ്വരനെ കാണാൻ കഴിയുമോ ?
ശ്രീരാമാ: ഉവ്വ്, തീർച്ചയായും കഴിയും. കൂടെക്കൂടെ വിജനത്തിൽ വാസം, ഭഗവാന്റെ ഗുണഗാനം, വസ്തുവിചാരം, ഈവക ഉപായങ്ങൾ സ്വീകരിക്കേണ്ടതാണ്.
മാസ്റ്റർ: എന്തവസ്ഥയിൽ അദ്ദേഹത്തെ കാണാനൊക്കും ?
ശ്രീരാമ: തീവ്രവ്യാകുലതയോടെ കരഞ്ഞാൽ അദ്ദേഹത്തെ കാണാൻ സാധിക്കും. ഭാര്യക്കും മക്കൾക്കുംവേണ്ടി ആളുകൾ കുടം കണക്കിന് കണ്ണീർ വാർക്കുന്നു. പണത്തിനുവേണ്ടി മനുഷ്യർ കണ്ണീരിൽ നീന്തുന്നു. എന്നാൽ ഈശ്വരനുവേണ്ടി ആരു കരയുന്നു ? വിളിക്കേണ്ടതു പോലെ വിളിക്കണം. ഇതും പറഞ്ഞു ഭഗവാൻ ഗാനം ചെയ്തു:

''എൻമനസ്സേ, നീ വിളിക്കയമ്മയെ യഥാവിധി
അമ്മ നിന്നെ ദൂരെ വിട്ടകന്നു വാഴ്‌വതെങ്ങനെ?
ഇല്ലവൾക്കുതെല്ലു ശക്തി വേർപിരിഞ്ഞു മേവിടാൻ
അല്ലലാർന്ന നിന്നെ വിട്ടു കാളിവാഴ്‌വതെങ്ങനെ?
വ്യഗ്രമെങ്കിലാനയാശു നീ ജപാപ്രസൂനവും
വില്വപത്രവും സമോദമേകുവാനവൾക്കെടോ
ഭക്തിചന്ദനാവലിപത്മാക്കി മാതൃസന്നിധൗ
ഭദ്രമാം സുമാഞ്ജലിം കുരുഷ്വ പാദപങ്കജേ''.

വ്യാകുലത വന്നാൽ അരുണോദയമായി, അനന്തരം സൂര്യൻ ദർശനമരുളും. വ്യാകുലതയ്ക്കുശേഷം ഈശ്വരദർശനമരുളും. വ്യാകുലതയ്ക്ക്ശേഷം ഈശ്വദർശനം. മൂന്നു ആകർഷണങ്ങൾ ഒന്നിച്ചുകൂടിയാൽ ഈശ്വരൻ ദർശനം നൽകും വിഷയിക്ക് വിഷയങ്ങളോടുള്ള ആകർഷണം, അമ്മയ്ക്കു മക്കളോടുള്ള വാത്സല്യം, സതിക്ക് പതിയോടുള്ള പ്രേമം. ഈ മുന്ന് ആകർഷണങ്ങളും ഒന്നുചേർന്ന് ഒരുവനുണ്ടായാൽ, അതിന്റെ ശക്തി കൊണ്ട് ഈശ്വരനെ പ്രാപിക്കാൻ സാധിക്കും.

സംഗതിയിതാണ്, ഈശ്വരനോടു സ്നേഹം വേണം. അമ്മയെങ്ങനെ മക്കളെ സ്നേഹിക്കുന്നു. സതി എവ്വിധം പതിയെ ഭജിക്കുന്നു, വിഷയി എങ്ങനെ വിഷയങ്ങളെ കാമിക്കുന്നു, അതുപോലെ. ഈ മൂന്നു കൂട്ടരുടെ സ്നേഹത്തെ, ഈ മുന്നുതരം ആകർഷണങ്ങളെ ഒന്നിച്ചുചേർത്താൽ എത്രയോ, അത്രയും ഈശ്വരനു കൊടുക്കാൻ കഴിഞ്ഞാൽ അ

(ശ്രീരാമകൃഷ്ണ വചനാമൃതം അദ്ധ്യായം 4 പേജ് 10-11)

ദ്ദേഹത്തിന്റെ ദർശനം ലഭിക്കും.

വ്യാകുലതയോടെ അദ്ദേഹത്തെ വിളിക്കണം. പൂച്ചക്കുഞ്ഞിന് 'മ്യു മ്യു' എന്നു തള്ളയെ വിളിച്ചു കരയാനേ അറിയൂ. തള്ള അതിനെ എവിടെ കൊണ്ടുവെയ്ക്കുന്നുവോ അതവിടെ ഇരിക്കുന്നു; ചിലപ്പോൾ അടുക്കളയിൽ, ചിലപ്പോൾ തറയിൽ, ചിലപ്പോൾ കിടക്കയിൽ, തള്ള അതിനെ കൊണ്ടുവെയ്ക്കുന്നു. അതിന് കഷ്ടപ്പാടു വരുമ്പോൾ അതു വെറുതെ മ്യു മ്യു എന്നു കരഞ്ഞു വിളിക്കുന്നു; അതിനു വേറൊന്നും അറിഞ്ഞുകൂടാ.

അമ്മ എവിടെയിരുന്നാലും ഈ 'മ്യു മ്യു' ശബ്ദം കേട്ടാലുടൻ ഓടിയെത്തും.



# ബേലൂർ മഠം

ചിത്രം കടപ്പാട് രാമകൃഷ്ണമഠം

(ശ്രീരാമകൃഷ്ണ വചനാമൃതം അദ്ധ്യായം 4 പേജ് 10-11)

# ഉള്ളടക്കം


ശ്രീരാമകൃഷ്ണ വചനാമൃതം....................1

ആമുഖം....................3

ശ്രീശാരദാ ദേവി....................4

ഗൃഹസ്ഥന്റെ ധർമ്മങ്ങൾ....................9

ഗ്രന്ഥപരിചയം....................11

ആദ്ധ്യാത്മിക പ്രാണൻ....................12



**INZIO®**

**YOGA AND WELLNESS STUDIO**

Swagath Building,Opp. SBI Local Head Office,
SS Kovil Road, Thampanoor, Thiruvananthapuram,
Kerala 695001, WWW.INZIOYOGA.COM 09446009864

നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുക
emagazine.yoga@gmail.com

# ശ്രീ ശാരദാ ദേവി

അനേകം ജനങ്ങൾ ഇന്ന് ഈശ്വരാവതാരമായി പൂജിക്കുന്ന ശ്രീരാമകൃഷ്ണ പരമഹംസരുടെ ദിവ്യ പത്നിയും അദ്ദേഹത്തിന്റെ പ്രഥമ ശിഷ്യയുമായിരുന്നു ശ്രീ ശാരദാദേവി.

നിർധനവും എന്നാൽ സംസ്കാരസമ്പന്നവുമായ ഒരു ബ്രാഹ്മണകുടുംബത്തിലായിരുന്നു ദേവിയുടെ ജനനം. കൽക്കട്ടയിൽ നിന്ന് അറുപതു മൈൽ പടിഞ്ഞാറുള്ള ബാങ്കുറ ജില്ലിലെ ജയരാംവാടി ഗ്രാമത്തിൽ ശ്രീരാമചന്ദ്രമുഖർജിയുടെയും ശ്യാമസുന്ദരീ ദേവിയുടെയും ആദ്യ സന്താനമായി 1853 ഡിസംബർ 22 ാം തീയതി ദേവി ജന്മമെടുത്തു. ഉൾനാടൻ ഗ്രാമപ്രദേശങ്ങളിലെ പോലെത്തന്നെ, ഇളയ കുട്ടികളെ പരിപാലിക്കുക, കന്നുകാലികളെ സംരക്ഷിക്കുക, വയലിൽ ജോലിചെയ്യുന്ന അച്ഛനും മറ്റുള്ളവർക്കും ഭക്ഷണമെത്തിക്കുക തുടങ്ങിയ ഗാർഹിക ജോലികളിൽ മുഴുകിയാണ് ശാരദാദേവിയും ബാല്യ കാലം കഴിച്ചത്. ഔപചാരിക വിദ്യാഭ്യാസം തീരെയില്ലായിരുന്നെങ്കിലും പിൽക്കാലത്ത സ്വയം ബംഗാളി അക്ഷരങ്ങൾ പഠിക്കുകയും അല്പസ്വല്പം എഴുത്തും വായനയും അഭ്യസിക്കുകയും ചെയ്തു.  ധർമ്മനിഷ്ഠമായ ഗാർഹികാന്തരീക്ഷം എഴുത്തും വായനയും ഗണിതവും നൽകുന്നതിനേക്കാൾ പ്രബോധകമായ വിദ്യാഭ്യാസം നൽകി.

കേവലം അഞ്ചു വയസ്സുള്ളപ്പോഴാണ് ശാരദാദേവി ശ്രീരാമകൃഷ്ണന്റെ ജീവിതത്തിലേക്ക് അദ്ദേഹത്തന്റെ ജീവിത പങ്കാളിയായി പ്രവേശിച്ചത്. ഇരുപത്തിമൂന്നു വയസ്സുള്ള ഗദാധരനും അഞ്ചു വയസ്സുകാരി ശാരദയുമായുള്ള അസാധാരണമായ വിവാഹം ദിവ്യ നിയോഗത്തിന്റെ ഭാഗമായും ഈശ്വരേച്ഛയെന്നുമാത്രം വിശേഷിപ്പിക്കാവുന്ന രീതിയിലുമാണ് നടന്നത്.

ലോകകാര്യങ്ങളിലുള്ള സകലതാൽപര്യവും നഷ്ടപ്പെട്ട ശ്രീരാമകൃഷ്ണന്റെ മനസ്സിനെ വിവാഹം സ്വസ്ഥവും സ്ഥിരവുമാക്കുമെന്നു ബന്ധുക്കൾ കരുതി. എന്നാൽ യോജിച്ച ഒരു വധുവിനെ അന്വേഷിച്ചു കണ്ടെത്താനുള്ള അവരുടെ ശ്രമമെല്ലാം ഓരോ തവണയും പരാജയപ്പെട്ടു.

അസ്വസ്ഥരായ തന്റെ ബന്ധുക്കളെ രക്ഷിക്കുവാൻ ഗദാധരൻതന്നെ എത്തി. ഒരദ്ധ്യാത്മഭാവാവസ്ഥയിൽ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചു:  ''നിങ്ങളെന്തിനാണ് അവിടെയും ഇവിടെയും വധുവിനെ അന്വേഷിക്കുന്നത് ?  എനിക്കു വേണ്ടി അടയാളപ്പെടുത്തിയ കുട്ടി ജയരാംവാടിയിൽ രാമചന്ദ്രമു

ഖർജിയുടെ വീട്ടിൽ കാത്തിരിക്കുന്നു. വിവാഹ ശേഷം, ശാരദയ്ക്ക് ഏഴും, പതിമൂന്നും പതിന്നാലും വയസ്സുള്ളപ്പോൾ ഗദാധരനെ കാണുവാനും ഓരോ പ്രാവശ്യവും ഏതാനും ദിവസങ്ങൾ ഒപ്പം താമസിക്കുവാനും അവസരം കിട്ടിയിരുന്നു. അവർ തമ്മിൽ അർത്ഥവത്തായ സമാഗമം നടന്നത് പിന്നീടൊരിക്കൽ അസാധാരണമായൊരു ചുറ്റുപാടിൽ ശാരദ ദക്ഷിണേശ്വരത്തുപോയി അദ്ദേഹത്തെ കണ്ടപ്പോഴായിരുന്നു. ശ്രീരാമകൃഷ്ണന്റെ മാനസികനിലയെക്കുറിച്ചും ചില കിംവദന്തികൾ വലിയതോതിൽ നാട്ടിൽ തന്നെ പ്രചരിച്ചപ്പോൾ അന്നു പതിനെട്ടു വയസ്സായിരുന്ന ശാരദ വളരെ അസ്വസ്ഥയാവുകയും, രോഗിയായ ഭർത്താവിന്റെ അടുത്തെത്തി അദ്ദേഹത്തെ പരിചരിക്കേണ്ടത് തന്റെ കടമയാണെന്ന ചിന്ത ആ മനസ്സിൽ പ്രബലമാവുകയും ചെയ്തു. അങ്ങനെ ഗംഗയിലേക്കുള്ള തീർത്ഥയാത്രയെന്ന പേരിൽ ദക്ഷിണേശ്വരത്തെ കാളീക്ഷേത്രത്തിൽ കഴിയുന്ന ശ്രീരാമകൃഷ്ണന്റെയരികിൽ ശാരദ തന്റെ അച്ഛനോടൊപ്പം എത്തി. അത് എല്ലാവിധത്തിലും വിചിത്രമായൊരു സമാഗമമായിരുന്നു. അയാൾ അവഗണനയുടെ ഏറ്റവും പരുക്കനും ക്രൂരവുമായ ഭാവത്തോടെ പെരുമാറുകയോ ചെയ്യുമെന്നാണ് നാം പ്രതീക്ഷിക്കുക. എന്നാൽ വിവാഹാലോചനയുടെ കാര്യത്തിലെന്നതുപോലെ അപ്രതീക്ഷിതമായ പ്രതികരണമാണ് അദ്ദേഹത്തിൽ നിന്നും കിട്ടിയത് ഭാര്യയെ അദ്ദേഹം ഊഷ്മളമായി സ്വീകരിക്കുകയും, താമസത്തിനും ചികിത്സയ്ക്കും വേണ്ട ഏർപ്പാടു ചെയ്യുകയും, എല്ലാ രീതിയിൽ ഉത്തമനായൊരു ഭർത്താവിനെപ്പോലെ പെരുമാറുകയും ചെയ്തു.

ദേവി ദക്ഷിണേശ്വരത്തുണ്ടായിരുന്ന 1872 മുതൽ 1885 വരെയുള്ള പതിമൂന്നു വർഷക്കാലത്ത്, ജയരാംവാടിയിൽ തന്റെ മാതാവിനെ സന്ദർശിച്ച ചെറിയ കാലയളവുകൾ ഒഴികെ ബാക്കി കാലമെല്ലാം ക്ഷേത്രവളപ്പിന്റെ തെക്കുഭാഗത്തുള്ള 'നഹബത്ത്' എന്ന പേരിൽ അറിയപ്പെട്ടിരുന്ന തീരെ ചെറിയ ഒരു കെട്ടിടത്തിലാണ് താമസിച്ചിരുന്നത്, അവിടെ നിന്നു നോക്കിയാൽ ശ്രീരാമകൃഷ്ണൻ താമസിച്ചിരുന്ന മുറി കാണാമായിരുന്നു. ദേവിയുടെ ദിവസം എന്നും വെളുപ്പിനു മൂന്നു മണിയോടെ തുടങ്ങും 'പർദാധാരണം' നിഷ്ഠയോടെ പാലിച്ചിരുന്നതിനാൽ നേരം പുലർന്ന് ആൾപ്പെരുമാറ്റം തുടങ്ങുന്നതിനുമുമ്പുതന്നെ ദേവി ഗംഗയിൽ സ്നാനമെല്ലാം കഴിക്കും. നേരം നന്നായി പുലരുനന്നതുവരെ ജപധ്യാനങ്ങളിൽ മുഴുകും. ഉച്ചയ്ക്ക് ഒരുമണിയോടെ അവിടെമെല്ലാം വിജനമാകുന്നതുവരെ ദേവി പുറത്തേക്കു വരില്ല. ആളുകളെല്ലാമൊഴിഞ്ഞാൽ ദേവി തന്റെ നീണ്ടതും സമൃദ്ധവുമായ

മുടിയുണക്കുവാനിരിക്കും. ദേവി അവിടെ വളരെ നിശ്ശബ്ദമായും ആരുടെയും കണ്ണിൽ പെടാതെയും കഴിഞ്ഞിരുന്നതിനാൽ, ക്ഷേത്രം മാനേജർ ഒരിക്കൽ പറഞ്ഞു അവരിവിടെ താമസിക്കുന്നുണ്ടെന്നു കേട്ടിട്ടുണ്ട്, പക്ഷെ ഞങ്ങൾ ഒരിക്കലും കണ്ടിട്ടില്ല.. ശ്രീരാമകൃഷണനനും ഭക്തർക്കും വേണ്ടി ആഹാരമുണ്ടാക്കാനാണ് പകൽ നേരമേറെയും ദേവി ചെലവാക്കിയത്. ശ്രീ രാമകൃഷ്ണന്റെ ദഹനവ്യവസ്ഥ വളരെ ലോലമായിരുന്നതിനാൽ ക്ഷേത്രത്തിലെ ആഹാരം അദ്ദേഹത്തിനു യോജിച്ചിരുന്നില്ല. അതിനാൽ ദേവി അദ്ദേഹത്തിനു വേണ്ട ആഹാരം സ്വയം പാചകം ചെയ്യുകയും, വിളമ്പിക്കൊടുക്കുകയും, വേണ്ടത്ര കഴിക്കാൻ നിർബന്ധിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ മുറി വൃത്തിയാക്കുക, വസ്ത്രമലക്കുക തുടങ്ങിയ ജോലികളും ദേവി ചെയ്തു. എല്ലാവിധത്തിലുമുള്ള വിദ്യാഭ്യാസവും ശ്രീരാമകൃഷ്ണൻ ദേവിക്ക് നൽകിയിരുന്നെങ്കിലും അദ്ധ്യാത്മതലത്തിനായിരുന്നു ഊന്നൽ നല്കിയിരുന്നത്. ഒരിക്കൽ ഒരു ഭക്തനോട് തന്റെ ആന്തരികജീവിതത്തെപ്പറ്റി ദേവി ഇപ്രകാരം പറഞ്ഞു 'ദക്ഷിണേശ്വരത്തായിരുന്നപ്പോൾ പുലർച്ചെ മൂന്നുമണിക്ക് എഴുന്നേറ്റ് ഞാൻ ധ്യാനത്തിനിരിക്കും. മിക്കവാറും ഞാൻ ധ്യാനത്തിൽ പൂർണ്ണമായും ലയിക്കും.

ദേവിയുടെയും ദേവന്റെയും ജീവിതത്തിൽ ഇക്കാലത്തു നടന്ന സ്മരണീയമായ മറ്റൊരു സംഭവമായിരുന്നു ഷോഡശീപൂജ. ശാരദാദേവിയെ പീഠത്തിലിരുത്തി ശ്രീരാമകൃഷ്ണൻ അവരെ ആചാരപരമായി പൂജിച്ചു. ദേവിയുടെ ആദ്യത്തെ ദക്ഷിണേശ്വരസന്ദർശനകാലത്ത്, ദേവി 1872 മാർച്ചു മുതൽ 1873 ഒക്ടോബർ വരെയുള്ള ഒന്നരവർഷത്തോളം തുടർച്ചയായി ദക്ഷിണേശ്വരത്തു താമസിച്ചപ്പോഴാണ് ഈ പൂജ നടന്നത്. പൂജാധികർമങ്ങൾക്ക് തന്റെ മുറിയിൽ എല്ലാസജ്ജമാക്കിയിരുന്നു. അണിയിച്ചൊരുക്കിയ പീഢത്തിലിരുത്തി, ആരാധനയിലുടനീളം ദേവിയും ശ്രീരാമകൃഷ്ണനും ആത്മനിർവൃതിയിലും അർദ്ധബോധാവസ്ഥയിലുമായിരുന്നു. അത് അവസാനിച്ചപ്പോഴേക്കും അവർ പൂർണ്ണമായും സമാധിയിൽ ലയിക്കുകയും ആ അവസ്ഥയിൽ പൂജകനും ദേവതയും, തങ്ങൾ സത്യവും ജ്ഞാനവും ആനന്ദവും അഖണ്ഡവുമാണെന്നു സാക്ഷാത്കരിക്കുകയും ചെയ്തു.

ഈ രണ്ടു മാഹാത്മാക്കളുടെയും ജീവിതത്തിൽ ഈ അനുഷ്ഠാനത്തിന്റെ പ്രഭാവം എത്രയേറെ മഹത്തെന്നു പറഞ്ഞാലും അധികമാവില്ല. ശ്രീരാമകൃഷ്ണന്റെ കാര്യത്തിൽ ഇതു ശരീരത്തിന്മേലുള്ള ആത്മാവി

ന്റെ അന്തിമ വിജയവും എല്ലാവരിലും ദിവ്യത്വം കാണലുമായിരുന്നു.

ദിവ്യമാതാവായ ശാരദാദേവിയുടെ ജീവിതത്തിലും ഇതിനു വലിയ പ്രാധാന്യമുണ്ട്. ഈശ്വരാവതാരമായ ശ്രീരാമകൃഷ്ണൻ ജഗദംബയുടെ സാന്നിദ്ധ്യത്തെ ശാരദാദേവിയിലേക്ക് ആവാഹിച്ച് ആരാധിച്ചപ്പോൾ രാമചന്ദ്രന്റെ മകളായ ശാരദാദേവിയിൽനിന്ന് അവർ സകലമനുഷ്യർക്കും പൂജിക്കാനായി വിശ്വത്തിന്റെ അനശ്വരമാതാവായ മാതൃദേവി ശാരദയിലേക്കു സത്യമായും യഥാർത്ഥമായും ഉയർത്തപ്പെടുകയായിരുന്നു . 1919 ന്റെ അവസാനം മുതൽ ദേവിയുടെ ആരോഗ്യം വേഗത്തിൽ ക്ഷയിച്ചു തുടങ്ങി. ഇടയ്ക്കിടെ പനി വന്നു കൊണ്ടിരുന്നു. അതിന്റെ ഗൗരവം ആദ്യം മനസ്സിലായിരുന്നില്ല. ആദ്യം പ്രാദേശികമായി ചികത്സകൾ ചെയ്തു നോക്കി. അതിനുവലിയ ഫലമില്ലെന്നു കണ്ട് വളരെ ക്ഷീണിതയായ അവസ്ഥയിൽ ദേവിയെ കൽക്കട്ടയിലേക്കു കൊണ്ടു വന്നു. അസുഖം കാല-സാർ(Black-Water Fever) ആണെന്ന് ഡോക്ടർമാർ നിർണ്ണയിച്ചു. 1920 ജൂലൈ 20 ന് ദേവി രോഗത്തിനു കീഴടങ്ങി.

മരിക്കുന്നതിന് അഞ്ചു ദിവസം മുമ്പ് ' അന്നപൂർണ്ണയുടെ അമ്മ' എന്നു വിളിക്കുന്ന ഒരു പ്രായംചെന്ന ഭക്തയെ ദേവിയുടെ മുറിയിലേക്കു വരാൻ അനുവദിച്ചിരുന്നു. ഭാവിയെക്കുറിച്ച് ആശങ്കപ്പെട്ട അവരോടു ദേവി പറഞ്ഞു: ' നിങ്ങളെന്തിനു ഭയപ്പെടുന്നു ? നിങ്ങൾ ശ്രീരാമകൃഷ്ണനെ കണ്ടിട്ടുല്ലോ. എന്നാൽ ഒരു കാര്യം ഞാൻ പറയാം - നിങ്ങൾക്കു മനസ്സമാധാനം വേണമെങ്കിൽ മറ്റുള്ളവരിൽ കുറ്റം കാണിക്കാതിരിക്കുക. മറിച്ചു സ്വന്തം ദോഷങ്ങൾ കാണുക. ലോകം മുഴുവനും സ്വന്തമാക്കാൻ പഠിക്കൂ. ആരും അപരിചിതരല്ല. ലോകം നിങ്ങളുടെ സ്വന്തമാണ്.' ഒരു പക്ഷെ ലോകത്തിനും ദേവിയുടെ അവസാനസന്ദേശം ഇതായിരുന്നിരിക്കാം.

അവസാനത്തെ നാളുകളിൽ ദേവി കാര്യമായൊന്നും സംസാരിച്ചതേയില്ല. ശാരദാനന്ദസ്വാമിയെ അടുത്തു വിളിച്ച് ' ശരത്, ഞാൻ പോകുകയാണ്. യോഗിനും ഗോലാപുമെല്ലാം ഇവിടെയുണ്ട്. അവരെ സംരക്ഷിക്കണം' എന്നു മാത്രം പറഞ്ഞു.

മരിക്കുന്നതിന് തൊട്ടു മുമ്പ് ദേവിയുടെ മുഖവും ദേഹവും കറുത്തു ചുക്കിച്ചുളിഞ്ഞു, പക്ഷെ എല്ലാവരെയും ആശ്ചര്യപ്പെടുത്തിക്കൊണ്ട്, മരണശേഷം ഒരു വലിയ മാറ്റം വന്നു. ചുളുങ്ങിയ ദേഹം അയയാൻ തുടങ്ങുകയും മുഖഭാവം പൂജയ്ക്കുപയോഗിക്കുന്ന ദുർഗ്ഗയുടെ വിഗ്രഹത്തിന്റേതു പോ

ലെയായി....
ശാരദാദേവിയിൽ അനന്യമായ ഒരു വ്യക്തിത്വത്തെ ലോക ചരിത്രം കുറിച്ചു ഒരേ സമയം ഉത്തമസഹധർമ്മിണിയും സ ന്ന്യാസിനിയും മാതാവും ഗുരുവും മേളിച്ച വ്യക്തിത്വം. ആ രുടെ പരിപൂർണ്ണനിഷ്കളങ്കതയ്ക്കാണോ കഠിനതമ ഹൃദയ ത്തെപ്പോലും അലിയിക്കാൻ കഴിഞ്ഞത്, ആരാണോ ഒരി ക്കലും മറ്റുള്ളവരുടെ കുറ്റങ്ങൾ കാണാതിരുന്നത്, ആരുടെ സ്നേഹമാണോ അർഹരേയും അനർഹരേയും വേർതിരി ച്ചു കാണാതിരുന്നത്, ആരുടെ കണ്ണിലാണോ  പുണ്യ വാനും പാപിയും ഒരുപോലെ തന്റെ അമൂല്യ സന്താനമായി രുന്നത്, ആരുടെ വിശാലഹൃദയമാണോ സമസ്ത മാനവരാ ശിയേയും മാതൃഭാവത്തിൽ ആലിംഗനം ചെയ്തത്, ആ രാണോ അവരിൽ ഏറ്റവും താണവർക്കുവേണ്ടിപ്പോലും അദ്ധ്വാനിക്കുന്നതും കഷ്ടപ്പെടുന്നതും തന്റെ വിശേഷാവ കാശമായി കരുതിയത്, ആ ശാരദാദേവി, നമ്മുടെ ഈ ഗ്രഹ ത്തിലെ മനുഷ്യ വർഗ്ഗത്തിന്റെ ശാശ്വതഘോഷയാത്രയിൽ അതുല്യമാതൃകയായി വേറിട്ടുനിൽക്കുന്നു. ഇവിടെ നമു ക്കു സർവ്വരേയും സ്നേഹിക്കുന്ന ജഗദംബയുടെ- പാപവി മുക്തമാക്കി ഉദ്ധരിക്കുന്ന ഈശ്വരിയതയുടെ മുഖം കാ ണാൻ സാധിക്കുന്നില്ലെങ്കിൽപ്പിന്നെ എവിടെ കാണുവാ നാകും? സ്നേഹത്തിന്റെ സൂക്ഷ്മശക്തി അധികാരത്തന്റെ ആഡംബരപ്രദർശനത്തെ അതിശയിക്കുന്നുവെന്നു തിരിച്ച റിയാനുള്ള സംവേദനക്ഷമതയുണ്ടായാൽ മാത്രം മതി ന മുക്ക്.

# ഗൃഹസ്ഥന്റെ ധർമ്മങ്ങൾ

ഒരു നാടിന്റെ സംസ്കാരവും പാരമ്പര്യവും ആ നാട്ടിലുള്ള എല്ലാത്തരം വ്യക്തികളേയും കൈപിടിച്ചുയർത്തുന്ന ഒന്നാണ്, ഭാരതീയമായ സംസ്കാരം സമസ്ത ലോകർക്കും. ഉന്നതി ഉണ്ടാകുവാൻ സഹായിക്കുന്ന ഒന്നുമാണ് സമൂഹത്തിൽ പലർക്കും പലതരത്തിലുള്ള മാനസി കാഴ്ചപ്പാടുകൾ ഉള്ളതിനാൽ ഒരേതരത്തിലുള്ള അറിവ് നൽകിയിട്ടു കാര്യമില്ല. അതിനാൽത്തന്നെ ഭാരതീയമായ അറിവ് പലതലത്തിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നതായി നമുക്കു കാണാം. ഒരു നല്ല ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ ഒരു മനുഷ്യൻ അനുഷ്ഠിക്കേണ്ടതായ പല തരം കർമ്മങ്ങൾ ഇത്തരം ഒരു അറിവാണ്.

ചെയ്യാവുന്നതായിട്ടുള്ള കർമങ്ങൾ പൊതുവെ നാലായിട്ടു തിരിക്കാം. നിത്യ കർമ്മം, നൈമിത്തിക കർമ്മം, കാമ്യ കർമ്മം, പ്രായശ്ചിത്ത കർമ്മം എന്നിങ്ങനെ. ഇനി ചെയ്തുകൂടാത്ത കർമ്മങ്ങളെ പൊതുവായി നിശിദ്ധ കർമ്മം എന്നും പറയാറുണ്ട്. ചെയ്യാവുന്ന കർമ്മത്തിലേയ്ക്ക് ഒന്നു ശ്രദ്ധ തിരിക്കാം.

നിത്യ കർമ്മങ്ങൾ എന്നും അനുഷ്ഠിക്കേണ്ടതാണ് നൈമിത്തിക കർമ്മങ്ങൾ, ഒരു സാഹചര്യം വരുമ്പോഴാണ് ചെയ്യേണ്ടത്. ഉദാഹരണം പറഞ്ഞാൽ കുഞ്ഞിന് പേരിടുന്നതും മറ്റും ആ സാഹചര്യം വരുമ്പോൾ അനുഷ്ഠിക്കേണ്ടതാണ് കാമ്യ കർമ്മങ്ങൾ ആഗ്രഹങ്ങൾ നിറവേറ്റാനായി അനുഷ്ഠിക്കുന്നതാണ്. നിത്യവും നൈമിത്തികവുമായ കർമ്മം ചെയ്യാതിരുന്നാല്ലോ, തെറ്റു സംഭവിക്കുമ്പോഴോ ചെയ്യുന്നതാണ് പ്രായശ്ചിത്ത കർമ്മങ്ങൾ.


ഓരോ സാഹചര്യത്തിൽ നിൽക്കുന്നവർക്ക് ഓരോന്നാണ് നിത്യകർമ്മം. ഒരു സന്യാസിയുടേതല്ല ഒരു ഗ്രഹസ്ഥന്റേത്, ഒരു ബ്രഹ്മചാരിയുടെതല്ല ഒരു വാനപ്രസ്ഥന്റേത്.

പഞ്ചമഹായജ്ഞം ഒരു ഗ്രഹസ്ഥന്റെ നിത്യ കർമ്മത്തിൽ വരുന്ന ഒന്നാണ്. അതെന്തെല്ലാമാണെന്ന് പറയാം. ഓരോ മനുഷ്യർക്കും ചില കടപ്പാടുകളുണ്ട് അച്ഛനമ്മമാരോട്, അറിവു പറഞ്ഞുതന്നവരോട്, ഈശ്വരനോട്, മറ്റു മനുഷ്യരോടും പിന്നെ മറ്റു മൃഗങ്ങളോടും. ഈ കടപ്പാടുകളെ ഋണങ്ങൾ എന്നാണ് വിളിക്കുന്നത്. ഈ ഋണങ്ങൾക്കായി ചെയ്യേണ്ടവയാണ് പഞ്ച മഹായജ്ഞങ്ങൾ.


മാതാപിതാക്കളെ വേണ്ടവണ്ണം സംരക്ഷിക്കുകയെന്നതാണ് പിതൃയജ്ഞത്തിന്റെ പ്രകടമായ ഭാവം. ജീവിച്ചിരിപ്പില്ലാത്ത എല്ലാ പിതൃകൾക്കും വേണ്ടി ചെയ്യുന്നതാണ് ശ്രാദ്ധ കർമ്മം.

എന്നും മറ്റുള്ളവർക്ക് അറിവു പറഞ്ഞു കൊടുക്കുകയെന്നതാണ് ബ്രഹ്മയജ്ഞം അധവാ ഋഷി യജ്ഞം. അഗ്നി ഹോത്രം ചെയ്യുകയാണ് ദേവതായജ്ഞം മറ്റു മനുഷ്യർക്കും മറ്റു മൃഗങ്ങൾക്കുമായി ആഹാരംവും സഹായവും ചെയ്യുകയാണ് മനുഷയജ്ഞവും ഭൂതയജ്ഞവും.

ഇവ എന്നും ചെയ്യേണ്ടതായാണ് ഭാരതീയമായ ശാസ്ത്രങ്ങൾ വിളിച്ചോതുന്നതെന്നു നാം എന്നും ഓർത്തിരിക്കേണ്ടതാണ്. ഇതു നമ്മുടെ വികാസത്തിനും നമ്മുടെ അടുത്ത തലമുറയ്ക്ക് ഒരു ഉത്തമ ഉദാഹരണം കാണിക്കുവാനും സഹായിക്കുന്ന ഒന്നാണ്.



# ഗ്രന്ഥപരിചയം




ഗ്രഹസ്ഥന്റെ ധർമ്മങ്ങളിൽ ഏറ്റവും പ്രാധാമായ ഒന്നാണ് ധനം സമ്പാദിക്കുക എന്നുള്ളത്. അത് ധർമ്മ ബോധത്തിലൽ നിന്നുകൊണ്ടു തന്നെ ആവുകയും വേണം ഒരു ഗ്രഹസ്ഥനാണ് സമൂഹത്തിൽ മറ്റുള്ളവരെയെല്ലാം നിലനിർത്തുന്നത് എന്നും പറയാം. സന്യാസിയും, ബ്രഹ്മചാരിയും, വാനപ്രസ്ഥനുമൊന്നും, ദധനം സമ്പാദിക്കുന്നില്ല എന്നും ഓർക്കേണ്ടതാണ്. കഠിനാധ്വാനത്താൽ സമ്പാദിച്ചത് നല്ലരീതിയിൽ നിക്ഷേപിക്കുകയും വേണം.

യുക്തിയോടെ ധനം കൈകാര്യം ചെയ്യുവാനും അത് നല്ല നിക്ഷേപങ്ങളാക്കി മാറ്റുവാനുമുള്ള അറിവു നൽകുന്ന ഒരു ഗ്രന്ഥമാണ് ഈ ഗ്രന്ഥപരിചയത്തിൽ,

ലോകമെമ്പാടും പ്രസിദ്ധമായ ‘Rich Dad Poor Dad‘ മലയാളത്തിലും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. Robert Kiosaki ആണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ് ചെറുപ്പമായിരുന്നപ്പോൾ തനിക്ക് ഒരു സുഹൃത്തിന്റെ അച്ഛൻ പഠിപ്പിച്ചു കൊടുത്ത സാമ്പത്തിക പാഠങ്ങൾ ഉൾക്കൊണ്ട് ജീവിത്തിൽ വിജയിച്ച ഒരു കഥയാണ് അദ്ദേഹത്തിന്റേത്. നാം ആസ്തികളായി കരുതുന്ന പലതും വാസ്തവത്തിൽ നമ്മുടെ കയ്യിൽ നിന്നും ധനം ചോർന്നു പോകുന്നതരം ബാധ്യതകളാണെന്നും ശരിയായ നിക്ഷേപങ്ങൾ എന്തെല്ലാമാണെന്നും അദ്ദേഹം അതിൽ വിവരിക്കുന്നു. ധനം സ്വയം വളരുവാനായി എന്തെല്ലാം തീരുമാനങ്ങൾ എടുക്കണം എന്നും രചയിതാവ് വിവരിക്കുന്നു.

കാര്യകാരണങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനെക്കുറിച്ചുള്ള ഒരു ഉത്തമ വഴികാട്ടിയാണ് ഈ ഗ്രന്ഥം എന്നതിൽ തർക്കമില്ല.

യോഗികളുടെ മതപ്രകാരം നട്ടെല്ലിനുള്ളിൽ ഇഡയെന്നും പിംഗളയെന്നും രണ്ടു നാഡീധാരകളും നട്ടെല്ലിലെ നാഡീപാശത്തിലൂടെ പോകുന്ന സുഷുമ്നയെന്ന ഒരു ഒഴിഞ്ഞ നാളവുമുണ്ട്. ആ നാളത്തിന്റെ താഴത്തെ അറ്റത്താണു യോഗികൾ പറയുന്ന കുണ്ഡലിനീപദ്മം. അതിനെ ത്രികോണാകൃതിയായിട്ടാണ് അവർ വർണ്ണിക്കുന്നത്. അതിനുള്ളിൽ, യോഗികളുടെ വ്യംഗ്യഭാഷയിൽ, കുണ്ഡലിനി എന്ന ശക്തി ചുരുണ്ടുകിടക്കുന്നുണ്ട്. ആ കുണ്ഡലിനി ഉണർന്നാൽ അത് ഈ ഒഴിഞ്ഞ നാളത്തിൽക്കൂടെ തള്ളിക്കയറാൻ ശ്രമിക്കുന്നു. അതു പടിപടിയായെന്നപോലെ ഉയരുമ്പോൾ മനസ്സിന്റെ അടുക്കുകൾ ഒരോന്നോരോന്നായി തുറക്കുന്നു, പലവിധ ദർശനങ്ങളും അദ്ഭുതസിദ്ധികളും യോഗിക്കു കൈവരുന്നു. അതു ശിരസ്സിൽ(തലച്ചോറിൽ) എത്തുമ്പോൾ യോഗിക്ക് ശരീരത്തോടും മനസ്സിനോടുംമുള്ള ബന്ധം തീരെ വിട്ടുപോകുന്നു. ആത്മാവുതന്നെ സ്വയം മുക്തനെന്നു കാണുന്നു. നട്ടെല്ലിലെ നാഡീപാശത്തിന്റെ നിർമ്മാണം ഒരു പ്രത്യേകമാതിരിയിലാണെന്നറിയാമല്ലോ. എട്ട് എന്ന അക്കം എടുത്തു വിലങ്ങനെ വെച്ചാൽ അതിനു നടുക്കു കൂടിച്ചേരുന്ന രണ്ടു ഭാഗങ്ങളുണ്ട്. ഈ എട്ടുകളെ മീതേയ്ക്കുമീതെ അടുക്കി വെച്ചാൽ നാഡീപാസത്തിന്റെ സ്വരൂപമാകും. ഇടത്തുഭാഗം ഇഡയും വലതുഭാഗം പിംഗളയും ഇടയിൽ നെടുനീളത്തിൽ കിടക്കുന്ന പൊള്ളയായ നാളം സുഷുമ്നയുമാകും. ഈ നാഡീപാശം അരക്കെട്ടിലുള്ള നട്ടെല്ലിന്റെ ചില എല്ലുകളിൽ അവസാനിക്കുന്നിടുത്തുനിന്ന് ഒരു നേരിയ തന്തു പുറപ്പെട്ടു പിന്നെയും അടിയിലോട്ടു പോകുന്നുണ്ട്.

അതിനുള്ളിൽക്കൂടിയും മേൽപ്പറഞ്ഞ നാളം പോകുന്നുണ്ട് അതു വളരെ സൂക്ഷമമാണെന്നുമാത്രം, നാളത്തിന്റെ അടിമൂടിയിരിക്കും. ഇതവസാനിക്കുന്നതു മൂലഗ്രന്ഥി എന്നു പറയുന്ന ആധുനിക ശരീരശാസ്ത്രജ്ഞൻമാർ വിവരിക്കുന്നു. നട്ടെല്ലിലെ നാഡീപാശത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന നാഡീഗ്രന്ഥികൾ യോഗികൾ പറയുന്ന ആധാരപദ്മങ്ങൾക്കു പ്രതിവർത്തിക്കുന്നവയാവാം. അടിയിൽ മൂലാധാരം മുതൽ ശിരസ്സിൽ സഹസ്രാരമെന്ന സഹസ്രദളപദ്മംവരെ പല കേന്ദ്രങ്ങൾ ഉണ്ടെന്നു യോഗി സങ്കല്പി

ക്കുന്നു. മേല്പറഞ്ഞ നാഡീഗ്രന്ഥികൾ യോഗികളുടെ പദ്മങ്ങൾക്കു പ്രതിവർത്തിക്കുന്നതായി വിചാരിച്ചാൽ ഇന്നത്തെ ശരീരശാസ്ത്രത്തിന്റെ ഭാഷയിൽത്തന്നെ യോഗിയുടെ ആശയം വളരെ എളുപ്പം മനസ്സിലാക്കാം. ഈ നാഡീപ്രവാഹങ്ങളിൽ രണ്ടുതരം വ്യാപാരങ്ങളാണല്ലോ നടക്കുന്നത്: ഒന്ന് അന്തർവാഹി, മറ്റേതു ബഹിർവാഹി; ഒന്നു ബോധകം, മറ്റേതു കാരകം; ഒന്നു കേന്ദ്രാന്വയി, മറ്റേതു കേന്ദ്രവിശ്ലേഷി. ഒന്ന് ഇന്ദ്രീയവേദനങ്ങളെ തലച്ചോറിലേക്ക് എത്തിക്കുന്നത്, മറ്റേതു തലച്ചോറിൽനിന്നു പുറമെ ശരീരിത്തിലേക്കു പ്രേരണകളെ അയയ്ക്കുന്നത് . ഈ സ്പന്ദങ്ങളെല്ലാം ഒടുവിൽ തലച്ചോറിനോടു ബന്ധപ്പെട്ടിരിക്കുന്നു. ഇനി, ഇതിന് പുറം വിവരിപ്പാൻ പോകുന്നതു വെളിവാകാൻ വേറെ പല സംഗതികളും ഓർമ്മ വെയ്ക്കേണ്ടതുണ്ട്. ഈ സരാപശം മജ്ജാമയമായ ഒരു കന്ദത്തിൽ അവസാനിക്കുന്നു. കന്ദമാകട്ടെ തലച്ചോറിലുള്ള ഒരു ദ്രാവകത്തിൽ പൊങ്ങിക്കിടക്കുകയാണ്, തലയ്ക്കൊരടിയേറ്റാൽ അടിയുടെ ശക്തി ആ ദ്രാവകത്തിൽ ചിതറി ലയിക്കുകയല്ലാതെ കന്ദത്തെ ബാധിക്കില്ല. ഇത് ഓർത്തിരിക്കേണ്ട ഒരു പ്രധാന സംഗതിയാണ്. രണ്ടാമത്, ഒരു കാര്യം കൂടി അറിഞ്ഞിരിക്കണം: എല്ലാ പദ്മങ്ങളിലുംവെച്ച് അടിയിലുള്ള മൂലാധാരം, ശിരസ്സിലുള്ള സഹസ്രാരം, നാഭിക്കെതിരെയുള്ള മണിപൂരം ഇവ മൂന്നും മുഖ്യമായി ഓർമ്മവെയ്ക്കണം. ഇനി ഭൗതികശാസ്ത്രത്തിൽനിന്നൊരു വസ്തുതയെടുക്കാം. വിദ്യുച്ഛക്തിയെയും അതിനോടു സംബന്ധിച്ച മറ്റു പല ശക്തികളെയും പറ്റി നാമെല്ലാം കേൾക്കുന്നുണ്ട്. വിദ്യുച്ഛക്തിയെന്താണെന്ന് ആർക്കുമൊട്ടറിഞ്ഞുംകൂടാ. പക്ഷെ അറിഞ്ഞിടത്തോളം അത് ഒരുവക ചലനമാണെന്നും മാത്രം പറയാം.

ജഗത്തിൽ വെറെയുമുണ്ടല്ലോ നാനാചലനങ്ങൾ. അവയ്ക്കും വിദ്യുച്ഛക്തിക്കും തമ്മിൽ വ്യത്യാസമെന്ത് ? ഈ മേശ ചലിക്കുന്നു എന്നു വിചാരിക്കുക - അതായത് മേശയുടെ ഘടകാണുക്കൾ ഒരേ വഴിക്കല്ല പല വഴിക്കാണ് ചിരിക്കുന്നതെന്നു വിചാരിക്കുക അവയെല്ലാം ഒരേ വഴിക്കു ചലിപ്പിച്ചാൽ അതു വിദ്യുച്ഛക്തി വഴിയായിരിക്കും. വൈദ്യുതചലനം ഒരു പദാർത്ഥത്തിലെ അണുക്കളെയെല്ലാം ഒരേ വഴിക്കു ചലിപ്പിക്കുന്നു. ഒരു മുറിയിലുള്ള വായുവിലെ അണുക്കളെയെല്ലാം ഒരേ വഴിക്കു ചലിപ്പിക്കാമെങ്കിൽ അത് ആമുറയെ ഒരു ഗംഭീരവൈദ്യുതിയുണ്ടാക്കും, ഇനി ശരീരശാസ്ത്രത്തിൽനിന്ന് ഒരു സംഗതികൂടി നാം ഓർക്കേണ്ടതുണ്ട്:

ശ്വാസോച്ഛ്വാസങ്ങളെ ക്രമപ്പെടുത്തുന്ന കേന്ദ്രത്തിനു നാഡീജാലത്തിൻമേലാകെ നിയാമകവ്യാപാരമുണ്ട്. ഇപ്പോൾ എന്തിനാണു ശ്വാസാഭ്യാസം പരിശീരിക്കുന്നതെന്നു കാണാം. ഒന്നാമത്, ശ്വാസം ഒരേ ക്രമത്തിലാകുമ്പോൾ ശരീരത്തിലെ ഘടകാണുക്കൾക്ക് എല്ലാറ്റിനും ഒരേ വഴിക്കു ചലിക്കാനുള്ള വാസനയുണ്ടാകുന്നു. മനസ്സ് ഇച്ഛാരൂപത്തിലാകുമ്പോൾ നാഡീധാരകൾ വൈദ്യുതധാരയിലെ ഏകധ്രുവപ്രണവണത ഉണ്ടെന്നു വെളിവായിട്ടുണ്ട്. അതുകൊണ്ട് ഇച്ഛാശക്തി നാഡീധാരയായി പരിണമിക്കുമ്പോൾ അത് ഏതാണ്ട് വിദ്യുച്ഛക്തിപോലായിത്തീരുമെന്ന് ഇതു തെളിയിക്കുന്നു. ശരീരത്തിലെ സർവ്വാണുക്കളുടെയും ചലനം ഒരേ ക്രമത്തിലാകുമ്പോൾ ശരീരം ഇച്ഛാശക്തിയുടെ ഒരു ഗംഭീര വൈദ്യുതകൂടം പോലെയായിത്തീരുന്നു. ഈ വമ്പിച്ച ഇച്ഛാശക്തിയാണു യോഗിക്കു വേണ്ടത്.

അങ്ങനെ ഇതാണു ശ്വാസാഭ്യാസത്തിന്റെ ശരീരശാസ്ത്രക്രമത്തിലുള്ള വ്യാഖ്യാനം. ഇതു ദേഹത്തിൽ ക്രമചലനമുണ്ടാക്കി ശ്വാസ(നിയമന)കേന്ദ്രം വഴി മറ്റു കേന്ദ്രങ്ങളെ നിയന്ത്രിക്കാൻ നമ്മെ സഹായിക്കുന്നു. ഇവിടെ പ്രാണായാമത്തിന്റെ ഉദ്ദേശ്യം മൂലാധാരത്തിൽ ചുരുണ്ടു കിടക്കുന്ന കുണ്ഡലിനീശക്തിയെ ഉണർത്തുകയുമാകുന്നു.

നാം കാണുന്നതോ സങ്കല്പിക്കുന്നതോ സ്വപ്നം കാണുന്നതോ ആയ ഏതൊന്നിനെയും ഒരു ഇട(സ്ഥല)ത്തിൽ വെച്ചുവേണം ഗ്രഹിക്കുക. സാധാരണമായ ഈ ഇടത്തെയാണ് ഭൗതികമായ ആകാശം അല്ലെങ്കിൽ മഹാകാശം എന്നു പറയുന്നത്. യോഗി പരചിത്തവൃത്തികളെ ഗ്രഹിക്കുകയോ അതീന്ദ്രിയവസ്തുക്കളെ ദർശിക്കുകയോ ചെയ്യുമ്പോൾ അതു ചിത്താവകാശം എന്ന മറ്റൊരു വക ഇടത്തിലാണ്. ജ്ഞാനം നിർവിഷയമാക്കുകയും ആത്മാവ് സ്വയം പ്രകാശിക്കുകയും ചെയ്യുമ്പോൾ അതിനു കുണ്ഡലിനി ഉണർന്നു സുഷുമ്നാമാർഗ്ഗത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന ദർശനങ്ങളെല്ലാം ചിത്താകാശത്തിലാകുന്നു. അത്, സുഷുമ്നാനാളം തലച്ചോറിലേക്കു തുറക്കുന്ന അറ്റത്തെത്തിയാലോ, നിർവ്വിഷയദർശനം ചിദാകാശത്തിലാണുണ്ടാകുന്നത്. ഇവിടെ വിദ്യുച്ഛക്തിയുടെ സാദൃശ്യം എടുത്തു നോക്കുക: ആ ശക്തി ഒരു കമ്പിയിൽക്കൂടെ ഗംഭീരപ്രവാഹങ്ങളെ അയപ്പാനേ മനുഷ്യു കഴിയുന്നുള്ളു; പ്രകൃതിക്കാകട്ടെ ഗംഭീരപ്രവാഹങ്ങളെ അയപ്പാൻ ഒരു കമ്പിയും വേണ്ട. ഇതുകൊണ്ടു കമ്പി വാസ്തവത്തിൽ ആവശ്യമില്ലെ

ന്നും, കൂടാതെ കഴിയാത്തതുകൊണ്ടു നാം അതുപയോഗിക്കാൻ നിർബ്ബന്ധരായതാണെന്നും തെളിയുന്നു.
ഇതുപോലെ ദേഹത്തിൽ നാഡികളെന്ന കമ്പികൾ വഴിക്കാണ് എല്ലാ ഇന്ദ്രീയചലനങ്ങളും ഉണ്ടാകുന്നത്: ജ്ഞാനേന്ദ്രീയചലനങ്ങൾ ശിരസ്സിനുള്ളിലേക്കും കർമ്മേന്ദ്രീയചലനങ്ങൾ ശിരസ്സിൽനിന്നു പുറത്തേക്കും പൊയ്ക്കൊണ്ടിരിക്കുന്നു.
നട്ടെല്ലിലെ നാഡീപാശത്തിലുള്ള ബോധക-കാരകനാഡീവല്ലികളാണു യോഗകൾ പറയുന്ന ഇഡയും പിംഗളയും. അന്തർവാഹികളും ബഹിർവാഹികളുമായ ധാരകൾ പോകുന്ന പ്രധാന മാർഗ്ഗങ്ങളാണവ. എന്നാൽ എന്തുകൊണ്ടു കമ്പിയില്ലാതെതന്നെ മനസ്സിനു വർത്തമാനം അറിയിച്ചുകൂടാ, കല്പന അയച്ചുകൂടാ ? ഇതു പ്രകൃതിയിൽ നടക്കുന്നതു കാണുന്നുണ്ടല്ലോ. നമുക്ക് അതു ചെയ്‌വാൻ കഴിഞ്ഞാൽ നമ്മുടെ ഭൗതികബന്ധം അറ്റുവെന്നാണു യോഗി പറയുന്നത്. അതെങ്ങനെ സാധിക്കും? ഇഡയ്ക്കും പിംഗളയ്ക്കും ഇടയ്ക്കുള്ള സുഷുമ്നയിൽക്കൂടെ വിടുക; എന്നാൽ കാര്യം സാധിച്ചു. മനസ്സാണു നാഡീനിചയം കൊണ്ടു വലകെട്ടിയിരിക്കുന്നത്; മനസ്സുതന്നെ വേണം അതു പൊട്ടിക്കുക. പിന്നെ വ്യാപരിക്കുവാൻ കമ്പികൾ വേണ്ടിവരരുത്. അപ്പൊഴേ സർവ്വജ്ഞത്വം കൈവരൂ. പിന്നെ ശരീരബന്ധമില്ല. അതുകൊണ്ടാണു സുഷുമ്നയെ സ്വാധീനിക്കേണ്ടത്. അത്രയേറെ ആവശ്യമായിരിക്കുന്നത്. കമ്പികളായിട്ടാണ് നാഡികളൊന്നും കൂടാതെ, ആ ഒഴിഞ്ഞു കിടക്കുന്ന നാളത്തിൽക്കൂടെത്തന്നെ ചിത്തധാരകളെ സഞ്ചരിപ്പിക്കാൻ സാധിച്ചെങ്കിൽ കാര്യനിവൃത്തിയായി; അതു സാധിക്കയും ചെയ്യും എന്നു യോഗി പറയുന്നു.
സാധാരണമനുഷ്യർക്കു സുഷുമ്നയുടെ അടിഭാഗം അടഞ്ഞിരിക്കും അതു വഴിക്ക് ഒരു വ്യപാരവും നടക്കുന്നില്ല. അതു തുറന്നു നാഡീധാരകളെ കടത്തിവിടുവാൻ ഇടവരുത്തുന്ന ഒരഭ്യാസം യോഗി ഉപദേശിക്കുന്നു. ഇന്ദ്രീയവേദനം ഒരു കേന്ദ്രത്തിലെത്തുമ്പോൾ അവിടെനിന്ന് ഒരു പ്രതികരണം ഉണ്ടാകും. സ്വയം ബോധമില്ലാതെ യാന്ത്രികമായി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളുടെ കാര്യത്തിൽ പ്രതികരണങ്ങളെ തുടർന്നുണ്ടാകുന്നത് ഒരു ചലനമാണ്. സ്വബോധമുള്ള കേന്ദ്രങ്ങളുടെ കാര്യത്തിൽ(പ്രതികരണത്തെ തുടർന്ന്) ആദ്യം പ്രത്യക്ഷജ്ഞാനവും പിന്നെ ചലനമുണ്ടാകുന്നു. എല്ലാ പ്രത്യക്ഷജ്ഞാനവും പുറമേ നിന്നുള്ള ഒരു കരണത്തിനുള്ള പ്രതികരണമാണ്. എന്നാൽ സ്വപ്നത്തിൽ പ്രത്യക്ഷജ്ഞാനമുണ്ടാകുന്നതെങ്ങനെ? അവിടെ പുറമേ നിന്നൊരു കരണ(വ്യാപാര)മില്ലല്ലോ. അപ്പോൾ ജ്ഞാന ജനകചലനങ്ങൾ എ

വിടെയോ ചുരുണ്ടുകിടപ്പുണ്ട്. ഉദാഹരണമായി, ഞാൻ ഒരു നഗരം കാണുന്നു. നഗരരൂപമായ ബാഹ്യ പദാർത്ഥങ്ങളിൽ നിന്നെത്തുന്ന വേദങ്ങളുടെ നേർക്കുണ്ടാകുന്ന പ്രതികരണത്തിൽനിന്നാണു നഗരത്തിന്റെ പ്രത്യക്ഷ ജ്ഞാനം ഉണ്ടാകുന്നത്. അതായത് അന്തർ വാഹിനികളായ നാഡികളിലെ ചലനങ്ങൾ തലച്ചോറിലെ അണുക്കളിൽ ചില ചലനങ്ങൾ ഉണ്ടാക്കുന്നു. ആ നാഡികളെത്തന്നെ ഇളക്കിവിട്ടതു പുറമേ നഗരത്തിലുള്ള വസ്തുക്കളാണ്. എന്നാൽ വളരെക്കാലം കഴിഞ്ഞ്, ഇപ്പോഴും എനിക്ക് ആ നഗരത്തെ ഓർക്കാൻ കഴിയുന്നു. ഒരു വ്യാത്യാസവുമില്ലാതെ അങ്ങനെതന്നെയാണ് ഓർമ്മയുമുണ്ടാകുന്നത്; കുറച്ചു ശാന്തമായിട്ടാമെന്നു മാത്രം. എന്നാൽ ശാന്തതരമായിട്ടെങ്കിലും തലച്ചോറിൽ സദൃശ ചലനങ്ങളെ ഉദിപ്പിച്ച വ്യാപാരം എവിടെനിന്നു വന്നു?  തീർച്ചയായും വിഷയേന്ദ്രിയസന്നികർഷത്തിൽനിന്നല്ല. അതുകൊണ്ട് ഇന്ദ്രിയവേദനങ്ങൾ എവിടെയോ കുണ്ഡലിതമായി (ചുരുണ്ടു) കിടക്കുകയാണ്; അവ വ്യാപരിച്ചു ശാന്തരപ്രതികരണങ്ങൾ പുറപ്പെടുവിക്കുന്നു; അതത്രേ സ്വപ്നദർശനം.

ഈ പ്രത്യക്ഷജ്ഞാനമെല്ലാം അടിഞ്ഞുകൂടിക്കിടുക്കുന്ന കേന്ദ്രത്തെ മൂലാധാരമെന്നും ചുരുണ്ടുകിടക്കുന്ന ബോധക ശക്തിയെ കുണ്ഡലിനി എന്നും പറയുന്നു. ഈ കേന്ദ്രത്തിൽത്തന്നെ കാരശക്തിയും അടിഞ്ഞുകൂടിക്കിടക്കുന്നു എന്നതു വളരെ സംഭാവ്യമാകുന്നു. എന്തുകൊണ്ടെന്നാൽ ബാഹ്യവിഷയങ്ങളെപ്പറ്റി ഗാഢമായാലോചിക്കയോ ധ്യാനിക്കയോ ചെയ്താൽ അതിനുശേഷം മൂലാധാരമിരിക്കുന്ന യാഭാഗം ചൂടുപിടിച്ചതായി കാണാം. ഈ കുണ്ഡലിതശക്തിയെ ഉണർത്തി, ഇളക്കി, ബോധപൂർവ്വം സുഷുമ്നാനാളത്തിൽക്കൂടെ മേല്പോട്ടു സഞ്ചരിപ്പിച്ചാൽ അത് ഓരോ കേന്ദ്രത്തിലും ചെന്നു തട്ടുമ്പോൾ അതിശക്തിമത്തായ പ്രതികരണമുണ്ടാകും. ശക്തിയുടെ ലേശാംശം, നാഡീമാർഗ്ഗം സഞ്ചരിച്ച്, ഓരോ കേന്ദ്രത്തിൽ പ്രതികരണമുണ്ടാക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യക്ഷയജ്ഞാനമാണ് സ്വപനവും ഭാവനയും, അങ്ങനെയിരിക്കെ ദീർഘകാലത്തെ അന്തർധ്യാനബലത്താൽ സംഭൃതമായ മഹാശക്തിരാശി സുഷുമ്നാ മാർഗ്ഗം സഞ്ചരിച്ച് കേന്ദ്രങ്ങിൽ ചെന്നടിക്കുമ്പോൾ ഉണ്ടാകുന്ന തിരിച്ചടി അത്യൂൽക്കടമായിരിക്കും;  അതു സ്വപ്നരൂപപ്രതികരണങ്ങളെക്കാൾ എത്രയോ ഗംഭീരമായിരിക്കും; ഇന്ദ്രിയപ്രത്യക്ഷമെന്ന പ്രതികരണത്തെക്കാളും എത്രയോ അധികം ഉജ്ജ്വലമായിരിക്കും. അതാണ് അതീന്ദ്രിയപ്രത്യക്ഷം. അങ്ങനെ സഞ്ചരിച്ച ആ ശക്തി സർവ്വബോധതലസ്ഥാനമായ തലച്ചോറിലെത്തുമ്പോൾ മസ്തിഷ്കം ആകമാനം പ്രതിസ്ഫുരി

ക്കുന്നു; അതിന്റെ ഫലം പൂർണ്ണജ്ഞാനപ്രകാശം, ആത്മദർശനം ആണ്. ഈ കുണ്ഡലിനീശക്തി ഓരോ കേന്ദ്രത്തിലൂടെ കടന്നുപോകുമ്പോൾ മനസ്സിന്റെ അടുക്കുകൾ ഓരോന്നായി തുറക്കുന്നു; അപ്പോൾ യോഗിക്കു ജഗത്തിനെ അതിന്റെ സുക്ഷമമായ കാരണരൂപത്തിൽ കാണാറാകയും ചെയ്യുന്നു. ഇന്ദ്രിയപ്രത്യക്ഷം, മാനസപ്രത്യക്ഷം എന്നീ രണ്ടു രൂപത്തിലും ജഗത്കാരണങ്ങൾ അപ്പോഴെ ഉള്ളതിൻവണ്ണം അറിയപ്പെടൂ. അതിൽ നിന്നു സർവ്വജ്ഞാനവും കൈവരികയുംചെയ്യും. കാരണജ്ഞാനത്തെത്തുടർന്ന് കാര്യജ്ഞാനം അവശ്യം ഉണ്ടാകുമല്ലോ.

ഇപ്രകാരം കുണ്ഡലിനിയെ ഉണർത്തുക എന്ന ഒറ്റ മാർഗ്ഗമേയുള്ളു. ദിവ്യജ്ഞാനം – അതീന്ദ്രീയപ്രത്യക്ഷം – ആത്മസാക്ഷാൽക്കാരം – പ്രാപിക്കുവാൻ ഈ പ്രബോധനം പല വഴിക്കുമുണ്ടാകാം ഈശ്വരനോടുള്ള പരാനുരക്തിയോ, സിദ്ധ പുരുഷൻമാരുടെ കാരുണ്യമോ, തത്ത്വജ്ഞാനിയുടെ (നിത്യാ നിത്യവസ്തു) വിവേകശക്തിയോ അതിനു വഴിയാകാം അതിമാനുഷമെന്നു സാധാരണയായി പറയുന്ന ശക്തിയോ ജ്ഞാനമോ എവിടെയൊക്കെ പ്രകാശിപ്പിച്ചിട്ടുണ്ടോ അവിടെയൊക്കെ കുണ്ഡലിനീശക്തിയുടെ ഒരു ലേശം സുഷുമ്നയിൽ ഒഴുകിക്കയറിയിരിക്കണം. എന്നാൽ ആവക മിക്ക സംഗതികളിലും കുണ്ഡലിതമായ ശക്തിയുടെ ഒരു കണികയെ ചെന്നുവീഴുകയാണുണ്ടായിട്ടുള്ളത്. ആരാധരകളെല്ലാം അറിഞ്ഞോ അറിയാതെയോ ഈ അന്തിമസ്ഥാനത്തോക്കാണു വഴികൂട്ടുന്നത്. ഒരാൾ തന്റെ പ്രാർത്ഥനകൾ ഫലിച്ചുവരുന്നുതായി കരുതുന്നു. എന്നാൽ, ആ സാഫല്യം തന്റെ പ്രകൃതിയിൽനിന്നുതന്നെ അനന്തശക്തിയുടെ ലേശാംശത്തെ പ്രാർത്ഥനാത്മകമായ മനോഭാവം കൊണ്ട് ഉണർത്തിവിടാൻ സാധിച്ചതാണെന്ന്, അയാൾ അറിയുന്നില്ല. ഏതിനെയോ അതു സർവ്വജീവിയിലും കുണ്ഡലിതമായിക്കിടക്കുന്ന യഥാർത്ഥശക്തിയാകുന്നു, വഴിപോലെ ഉപാസിച്ചാൽ നിത്യാന്ദദായിനിയായ മാതാവാകുന്നു, എന്നു യോഗി ലോകസമക്ഷം പ്രഖ്യാപിക്കുന്നു. രാജയോഗമാകട്ടെ, മതത്തിന്റെ ശാസ്ത്രമാണ്; അതായത്, എല്ലാ ആരാധനകളുടെയും പ്രാർത്ഥനകളുടെയും പ്രതീകങ്ങളുടെയും കർമ്മകലാപങ്ങളുടെയും അലൗകികസംഭവങ്ങളുടെയും യുക്തിദർശനമത്രേ രാജയോഗം

**വിവേകാന്ദസ്വാമികൾ രാജയോഗം**

inzio

# INZIO YOGA AND WELLNESS STUDIO

Swagath Building,Opp SBI Local Head Office
SS Kovil Road, Thampanoor,Thiruvananthapuram,
Kerala 695001,www.inzioyoga.com,9446009864

connect us

## Touch Button

INSTAGRAM

WHATSAPP

YOUTUBE

FACEBOOK

WEB

Designed by
SREEDEV S